പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1920 04.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ലഭിക്കുന്ന കള്ളനോട്ടുകൾ

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രക്കാരിൽ നിന്ന് ലഭിക്കുന്ന നോട്ടുകൾ വ്യാജമല്ലെന്ന് ഉറപ്പാക്കുന്നതിന് ബസ്സിനുള്ളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്;വിശദവിവരം നൽകുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | ബസിനുള്ളിൽ സംവിധാനങ്ങൾ നിലവിൽ ഒരുക്കിയിട്ടില്ല. എന്നാൽ റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ വ്യാജ നോട്ട് തിരിച്ചറിയുന്നതിന് നൽകുന്ന നിർദ്ദേശങ്ങൾ കണ്ടക്ടർമാർക്ക് മാർഗ്ഗ നിർദ്ദേശത്തിനായി നൽകുന്നുണ്ട്.<br>ടിക്കറ്റ് ആന്റ് ക്യാഷ് കൗണ്ടറുകളിൽ വ്യാജ നോട്ടുകൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കണ്ടക്ടർമാർക്ക് ലഭിക്കുന്ന നോട്ടുകളിൽ സംശയമുള്ളവ പരിശോധിച്ച് ഉറപ്പാക്കുന്നതിന് സംവിധാനമേർപ്പെടുത്തേണ്ടതായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദവിവരം നൽകുമോ; | | |
| (സി) | ഇത്തരം കള്ളനോട്ടുകൾ പരിശോധിച്ചെടുക്കുന്ന സംവിധാനങ്ങളില്ലെന്നിരിക്കെ, കളക്ഷൻ അടയ്ക്കുന്ന കണ്ടക്ടറുടെ ശമ്പളത്തിൽ കുറയ്ക്കുന്ന രീതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഡി) | ടിക്കറ്റെടുക്കുന്നതിന് ഇത്തരം കള്ളനോട്ടുകൾ നൽകുന്നവരെ കൈയോടെ പിടികൂടി കള്ളനോട്ട് മാഫിയകളെ അമർച്ച ചെയ്യാൻ സംവിധാനമേർപ്പെടുത്തുന്നതിനായി ആഭ്യന്തര വകുപ്പുമായി കൂടിയാലോചിക്കുമോ എന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ